**D 73043** (Pages : 2) Name.....................................

Reg. No.....................................

## FIRST SEMESTER B.Com./B.B.A. DEGREE EXAMINATION NOVEMBER 2019

(CBCSS–UG)

Malayalam

MAL 1A 07 (2)—MALAYALA SAHITHYA PADANAM – I

(2019 Admissions)

Time : Two Hours and a Half Maximum : 80 Marks

### Section A

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.
ഓരോന്നിനും 2 മാർക്ക് വീതം.

1. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' എന്നതിന്റെ ഉള്ള് ഇതത്രേ—ഏത് ?
2. അവയവാസ്പദമായ സൗന്ദര്യവാദത്തിന്റെ സാരമെന്ത് ?
3. അർബുദം പോലെ അത് അടുത്തിരിക്കുന്ന ജീവകേശങ്ങളെ കടന്നാക്രമിച്ച് രാഷ്ട്രശരീരത്തിന്റെ സമസ്ത ധാതുക്കളെയും വ്യാപിച്ചിരിക്കുന്നു—സൂചിതമെന്ത് ?
4. സാഹിത്യ നിർമ്മാണത്തെയും നിരൂപണത്തെയും അഗാധമായി സ്വാധീനിക്കുന്ന ആധുനിക വസ്തുത എന്ന് എം.എൻ. വിജയൻ നിരീക്ഷിക്കുന്നതെന്തിനെ ?
5. രാജശിക്ഷയ്ക്ക് വിധേയനായ ഉമാപതി അവസാനമായി പറഞ്ഞതെന്ത് ?
6. "ഈ പേരുകൾ ഉച്ചരിക്കാൻ തന്നെ എത്ര സുഖമായിരിക്കുന്നു"—ഏതു പേരുകൾ ?
7. റിട്ട. ഡെപ്യൂട്ടി കളക്ടർ രാമൻനായരുടെ നാവിന്റെ പ്രത്യേകതയെന്ത് ?
8. "ആ മഹാനായ ഗായകനിൽ നിന്ന് ഞങ്ങൾക്ക് പ്രശസ്തിയുടെ ഒരു അവ്യക്ത കഥയല്ലാതെ ഒന്നും കിട്ടിയിട്ടില്ലല്ലോ"—ആരാണാ ഗായകൻ ? അവ്യക്തകഥയെന്ത് ?
9. 'കുടകുമഴ'യുടെ സവിശേഷതയെന്ത് ?
10. 'പാടാൻ കവല' ദൈവത്തിന്റെ വഴിയാകുന്നതെങ്ങനെ ?
11. 'കദനത്തിന്റെ ഊര് ' ഏതാണ് ? എന്തിനാണ് അങ്ങനെ വിളിക്കുന്നത് ?
12. "താക്കോൽ നമ്മുടെ കയ്യിലുള്ളപ്പോൾ പോലും അടഞ്ഞ വാതിലുകൾ നമുക്കു വിലങ്ങു തടികളാകുന്നു" എന്ന് നീലിമ പറയുന്നതെന്തുകൊണ്ട് ?
13. "അപ്പോൾത്തന്നെ അദ്ദേഹം ഒരു ശിലയായി മാറിക്കഴിഞ്ഞുവെന്ന് എനിക്കു തോന്നി "—ആര് ? എപ്പോൾ ?
14. "പലതരത്തിൽ പല സ്ഥലങ്ങളിൽ ഞാൻ ആത്മഹത്യ ചെയ്തു കൊണ്ടേയിരുന്നു"—ആര്, എന്തിന് ?
15. "സുഹൃത്തായ ഒരു വന്യമൃഗം എന്നെ ബാക്കി വയ്ക്കാതെ കൊന്നു തീർത്തതു പോലെ "—സന്ദർഭം വ്യക്തമാക്കുക.

(Maximum marks : 25)

Turn over

## Section B

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

ഓരോന്നിനും 5 മാർക്ക് വീതം.

16. കോട്ടാർ ആശുപത്രിയിൽ കളക്ടറുടെ അമ്മ കിടന്നതെങ്ങനെ ?

17. ബാലുവിനെ യാത്രയാക്കാൻ പോകാതിരുന്നതിന് നീലിമ കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാം ?

18. ഏകാക്ഷരങ്ങൾ കൊണ്ട് അതിസങ്കീർണ്ണങ്ങളായ ആശയങ്ങൾ വെളിപ്പെടുത്തുന്ന ഭാഷ 'സൂചിമുഖി'യിൽ ഉപയോഗിച്ചിരിക്കുന്നതെങ്ങനെ ?

19. കേരളീയരുടെ സംഗീതാനുഭവത്തെ സമ്പന്നമാക്കാൻ സ്വാതിതിരുനാൾ ചെയ്തതെന്തൊക്കെ ?

20. ആത്മപ്രതീതമായ സൗന്ദര്യവാദത്തിന്റെ പൊരുളെന്ത് ?

21. "സിംഹമല്ലാതായിത്തീർന്ന സിംഹത്തെക്കാൾ ദയനീയമായി മറ്റെന്താണുള്ളത് "—വിവക്ഷ വ്യക്തമാക്കുക

22. കാഞ്ഞിരക്കൊല്ലിയെക്കുറിച്ച് കുടകു കുറിപ്പുകൾ നൽകുന്ന വിവരങ്ങളെന്തൊക്കെ ?

23. മതം സ്വകാര്യസത്തു പോലെയാണെന്നു പറയാൻ കാരണമെന്ത് ?

(Maximum marks = 35)

## Section C

ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.

ഓരോന്നിനും 10 മാർക്ക് വീതം.

24. സൗന്ദര്യത്തിന്റെ അധിഷ്ഠാനത്തെ സംബന്ധിച്ച് എം.പി. പോൾ ഉന്നയിക്കുന്ന യുക്തികളുടെ സാംഗത്യം വിലയിരുത്തുക.

25. ദളിത് ജീവിതത്തിന്റെ ദയനീയചിത്രം 'നൂറു സിംഹാസനങ്ങളി'ൽ വിവരിക്കപ്പെടുന്നതെങ്ങനെ ?

26. കാലികപ്രസക്തിയുള്ള പ്രമേയത്തെ നാടോടിക്കഥയുടെ ആഖ്യാനവിശേഷത്തോടെ അവതരിപ്പിക്കുന്ന ചെറുകഥയാണ് 'അയൽരാജാവ്'—സമർത്ഥിക്കുക.

27. കുടകിന്റെ വന്യസൗന്ദര്യത്തെ അനുഭവമാക്കാൻ എൻ. പ്രഭാകരന്റെ കുറിപ്പുകൾക്ക് സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുക.

(2 × 10 = 20 marks)